**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5317** **15-03-2023 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | **സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഇൻഷ്വറൻസ് പദ്ധതികൾ.**<br><br>**പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി**<br><br>22.03.2017ലെ സ.ഉ.(എം.എസ്) നം.37/2017/ കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഓൺലൈൻ പോർട്ടലായ എയിംസ് മുഖേനയാണ് നിലവിൽ പദ്ധതി നടപ്പിലാക്കുന്നത്. പ്രധാനപ്പെട്ട 27 കാർഷിക വിളകൾക്ക് പദ്ധതി പ്രകാരം പരിരക്ഷ നൽകുന്നുണ്ട്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കും, വന്യജീവിആക്രമണത്തിനും, കീടരോഗ ബാധ മൂലം നെൽകൃഷിക്കുണ്ടാകുന്ന നാശനഷ്ടത്തിനും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.<br>01/04/2022 മുതൽ 09/03/2023വരെ പദ്ധതിയിൽ 2,33,082 കർഷകർ അംഗങ്ങളാകുകയും 494.29770 ലക്ഷം രൂപ പ്രീമിയം ആയി ശേഖരിക്കുകയും 4082.5129 ലക്ഷം രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുമുണ്ട്.<br><br>കേന്ദ്രാവിഷ്കൃത വിള.ഇൻഷ്വറൻസ് പദ്ധതികൾ<br>• **പ്രധാനമന്ത്രി ഫസൽ ബീമാ യോജന**<br><br>അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് എന്ന ഇൻഷ്വറൻസ് കമ്പനിയെയാണ് പദ്ധതി നടത്തിപ്പ് ഏജൻസി ആയി |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തിയിട്ടുള്ളത്. വിളകൾക്കുണ്ടാകുന്ന ഉല്പാദന നഷ്ടത്തിൽ നിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും അതു വഴി നഷ്ടപരിഹാരവും പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി മുഖേന നൽകുന്നു. നെല്ല്, വാഴ, മരച്ചീനി എന്നീ വിളകളെയാണ് ഈ ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>**• കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി**<br>**കാലാവസ്ഥാധിഷ്ഠിത വിളഇൻഷ്വറൻസ് പദ്ധതിയിൽ വിളയെ ബാധിക്കുന്ന വിജ്ഞാപനം ചെയ്ത പ്രതികൂല സാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ നൽകുന്നത്.** |
| (ബി) | പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതികളിൽ ഇൻഷ്വർ ചെയ്യുന്ന തുകയുടെ, കർഷകൻ ഒടുക്കുന്ന തുകയിൽ അധികം വരുന്ന പ്രീമിയത്തിന്മേൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി സബ്സിഡി നൽകുന്നു. |
| (സി) | നിലവിൽ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾക്ക് അപേക്ഷിച്ചവർക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച ക്ലെയിമുകൾക്ക് തൃശ്ശൂർ ജില്ലക്ക് 31/12/2021 വരെയും മറ്റ് ജില്ലകൾക്ക് 31/03/2022 വരെയുള്ള അപേക്ഷകൾക്ക് തുക വിതരണം ചെയ്തിട്ടുള്ളതാകുന്നു. ഇനിയും നൽകുവാനുള്ള തുക നൽകുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.<br>കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതിയുടെ നഷ്ടപരിഹാരം വിതരണം ചെയ്യുന്നത് അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ്. |

സെക്ഷൻ ഓഫീസർ